**പ്രത്യേക പരാമർശം**

രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാഷ്ട്രപിതാവ് മഹാത്മജിയുടെ ചിത്രത്തിനുനേരെ പ്രതീകാത്മകമായി നിറയൊഴിക്കുകയും ഗാന്ധിയുടെ ഘാതകനായ നാഥുറാം ഗോഡ്സെയെ പ്രകീർത്തിക്കുകയും ചെയ്ത ഹിന്ദുമഹാസഭാ നേതാവ് പൂജ ശകുൻ പാണ്ഡെയുടെ നടപടി രാജ്യത്തിനുതന്നെ അപമാനമായി മാറിയിട്ടുണ്ട്. ഗാന്ധി നിന്ദ ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും ഒരു സ്ഥിരം അജണ്ടയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ സംഭവമുണ്ടായത്. രാജ്യത്തെ മുഴുവൻ ഞെട്ടിച്ച ഒരു സംഭവമാണിത്. ഇതിനെ സംബന്ധിച്ച് ഈ സഭ ശക്തമായി അപലപിക്കുകയും ഇവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മഹാത്മാഗാന്ധിയെ പ്രതീകാത്മകമായി വീണ്ടും കൊല്ലുകയും ഗോഡ്സെയെ മഹാനായി വാഴ്ത്തുകയും ചെയ്ത ഹിന്ദുമഹാസഭയുടെ നടപടി നീചവും പ്രാകൃതവുമാണെന്നും

ഇതിനെ ശക്തമായി അപലപിക്കേണ്ടതാണെന്നുമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഈ സഭ ഐകകണ്ഠ്യേന തന്നെ അത്തരമൊരു നിലപാട് സ്വീകരിക്കാവുന്നതാണ്. ഗാന്ധിജിയുടെ രക്തസാക്ഷി ദിനം രാജ്യം ആചരിക്കുന്ന വേളയിലാണ് ഹിന്ദുമഹാസഭാ സെക്രട്ടറി, അവരുടെ ദേശീയ സെക്രട്ടിയാണെന്ന് തോന്നുന്നു, പൂജ ശകുൻ പാണ്ഡെയുടെ നേതൃത്വത്തിൽ ഗാന്ധി ചിത്രത്തിലേയ്ക്ക് തോക്ക് ഉപയോഗിച്ച് വെടിയുതിർക്കുകയും ചോര ഒഴുക്കുകയും ചെയ്തത്. ഗാന്ധിജിയെ നിന്ദിക്കുകയും ഗോഡ്സെയെ മഹാത്മാവായി സ്തുതിക്കുകയുംചെയ്ത ഈ സംഭവം രാജ്യദ്രോഹമാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയും ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥും ഭരിക്കുന്നതിന്റെ ബലത്തിലാണ് ഗാന്ധിജിയുടെ 71-ാം രക്തസാക്ഷി ദിനത്തിൽ പ്രാകൃതമായ ഈ നടപടിയുണ്ടായത്. ഇതിൽ സഭയുടെ ശക്തമായ പ്രതിഷേധം നമുക്ക് രേഖപ്പെടുത്താവുന്നതാണ്. അപലപിക്കുകയും ചെയ്യേണ്ടതാണ്.

<u>മി. സ്പീക്കർ</u>: രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത് രക്തപ്രവാഹം വരുത്തി ഗോഡ്സെയ്ക്ക് ജയ് വിളിച്ച പ്രവൃത്തി അധമം എന്ന

വാക്കിനെപ്പോലും ലജ്ജിപ്പിക്കുന്നതാണ്. ഭയപ്പെടുത്തുന്ന ഈ രീതി മൃഗീയതയുടെ പാരമ്യമാണ്. ഏത് പ്രത്യയശാസ്ത്രത്തിന്റെ പേരിലായാലും ഈ നികൃഷ്ട പ്രവൃത്തി അംഗീകരിക്കാനാകില്ല. സഭ ശക്തമായി ഈ നികൃഷ്ട പ്രവൃത്തിക്കെതിരെയുള്ള വികാരം പ്രതിഫലിപ്പിക്കുന്നു. അത് രാജ്യത്തിന് മുമ്പാകെ സന്ദേശമായി അയയ്ക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം പ്രമാണിച്ച് ഒരു ദിവസം സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണം.

മി. സ്പീക്കർ: ബി.എ.സി. അക്കാര്യം ചർച്ച ചെയ്യുന്നതാണ്.